**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **18-01-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരിലെ ഗവേഷണതല്പരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അക്കാഡമിക് തലത്തിൽ അദ്ധ്യാപകരെ ഗവേഷകരാക്കി മാറ്റുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. അക്കാദമിക് മേഖലയിൽ അധ്യാപകരെ ഗവേഷകരാക്കി മാറ്റാനായി എസ്.സി.ഇ.ആർ.ടി മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 2017-18 അക്കാദമിക വർഷത്തിൽ 7 അധ്യാപകരും, 2018-19 അക്കാദമിക വർഷത്തിൽ 12 പേരും ഗവേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (ബി) | ഗവേഷണതല്പരരായ അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.റ്റി. അവർക്ക് സാമ്പത്തികസഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ടൂളുകളുടെ പ്രിന്റിംഗ്, ദത്തശേഖരണം, റിപ്പോർട്ട് തയ്യാറാ ക്കൽ എന്നിവയക്ക് ആവശ്യമായ ചെലവ് എസ്.സി.ഈ.ആർ.ടി അധ്യാപകർക്ക് നൽകിവരുന്നു. |
| (സി) | അദ്ധ്യാപകരിൽ ഗവേഷണതല്പരത വളർത്തുവാൻ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | അധ്യാപക പരിശീലനത്തിൽ ഗവേഷണ തൽപരത വളർത്തുവാനുള്ള വിവരങ്ങൾ പരിശീലന മൊഡ്യൂളിൽ ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നു. |
| (ഡി) | കോവിഡ് -19 കുട്ടികളിൽ ഉണ്ടാക്കിയ വൈകാരിക സാമൂഹികപ്രശ്നങ്ങളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം നടത്തിയ ഏജൻസി ഏതെന്നും അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ? | (ഡി) | ഉണ്ട്. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോളജി വിഭാഗവുമായി ചേർന്ന് നടത്തിയ പഠനം അന്തിമഘട്ടത്തിലാണ്. പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കുട്ടികളിൽ കൃത്യമായ കൗൺസിലിംഗ് നടത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയതിനുശേഷം തലവേദന, കണ്ണിന് ക്ഷീണം, കഴുത്തുവേദന, പുറംവേദന, മങ്ങിയ കാഴ്ച തുടങ്ങിയവ കാരണം തുടർ പ്രവർത്തന ക്ലാസ്സുകളിൽ പങ്കെടുക്കാൻ ബുദ്ധിമുട്ടുണ്ട്. എഴുത്തിലും വായനയിലും അടിസ്ഥാനശേഷികൾ ആർജ്ജിക്കാത്തവർ, കൂടുതൽ പിന്തുണയും സമയവും വ്യക്തിപരമായ ശ്രദ്ധയും ആവശ്യമുള്ള പിന്നാക്കക്കാർ എന്നിവർക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ പ്രയോജനം ചെയ്തിട്ടുണ്ടെങ്കിലും പഠനത്തിന് അധ്യാപകരുടെ പക്കൽനിന്നും ലഭിച്ചിരുന്ന സവിശേഷ ശ്രദ്ധ അതേ തോതിൽ ലഭിക്കാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അവരുടെ കുടുംബങ്ങൾക്കും കോവിഡ് കാലത്ത് ഗണ്യമായ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.

സ്കൂൾ അടഞ്ഞു കിടക്കുന്ന സമയത്ത് 65% വിദ്യാർത്ഥികളിൽ ടെലിവിഷൻ കാഴ്ച വർദ്ധിച്ചു. ഫോൺ ഉപയോഗം 79% പേരിൽ വർദ്ധിച്ചു. 5% പേർ ദിവസേന രണ്ട് മണിക്കൂറിലധികം മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്. ആഗ്രഹിക്കുന്ന സമയത്ത് മൊബൈൽ ഫോൺ കിട്ടാതായാൽ കടുത്ത അസ്വസ്ഥത ഉണ്ടാകുന്ന കൗമാരക്കാരായ വിദ്യാർത്ഥികൾ 9% ആണ്. ഗണ്യമായ ഏകാന്തത അനുഭവപ്പെട്ട വിദ്യാർത്ഥികളുടെ ശതമാനം 47 ആണ്. 65% വിദ്യാർത്ഥികളിൽ വിരസത കാര്യമായി കൂടി. 50% പേരുടെ ശ്രദ്ധ കുറഞ്ഞു. മഹാമാരിയുടെ സമയത്ത് വീട്ടിലെ അന്തരീക്ഷം മോശമായി എന്ന് റിപ്പോർട്ട് ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം 27.5% ആണ്. മഹാമാരിയുടെ കാലത്ത് വൈകാരിക നിയന്ത്രണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെട്ട വിദ്യാർത്ഥികൾ 11% ആണ്.

വിഷാദത്തിന്റെയും ഉത്കണ്ഠയുടെയും തോത് അറിയുന്നതിനുവേണ്ടി സാർവ്വദേശീയമായി ഉപയോഗിക്കുന്ന ചോദ്യാവലികൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു. അതിന്റെ ഉത്തരങ്ങൾ പ്രകാരം മിതമായ നിരക്കിൽ വിഷാദ ലക്ഷണങ്ങൾ ഉള്ള കൗമാരക്കാരായ വിദ്യാർതഥികൾ 10.6% ആണ്. മിതഗുരുതര വിഷാദ ലക്ഷണങ്ങൾ ഉള്ളവരുടെ എണ്ണവും 10.6% വരും ഗുരുതരവിഷാദം ഉണ്ടായേക്കാവുന്നവരുടെ എണ്ണം രണ്ടു ശതമാനത്തിന് അടുത്താണ്. മിതമായ ഉത്കണ്ഠ ഉള്ളവർ 8 ശതമാനവും ഗുരുതരമായ ഉത്കണ്ഠ ഉള്ളവർ 3 ശതമാനവും വരും. സ്കൂൾ

കൗൺസിലർമാരുടെയും സൗഹൃദ ക്ലബ് കോഡിനേറ്റർമാരുടെയും റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മാസങ്ങളിൽ സ്കൂൾ വിദ്യാർത്ഥികളിലെ മാനസികബുദ്ധിമുട്ടുകളുടെ തോത് ഉയർന്നിട്ടുണ്ട്. മുൻപേ പ്രശ്നങ്ങളുണ്ടായിരുന്ന ചില വീടുകളിൽ കാര്യമായ പ്രതിസന്ധികൾ ഉരുണ്ടുകൂടിയിട്ടുണ്ട്. സുഹൃത്തുക്കളോടോ അധ്യപകരോടോ കൗൺസിലർമാരോടോ സംസാരിക്കാനുള്ള അവസരം ഇല്ലാതായപ്പോൾ കൗമാരക്കാരായി ചില വിദ്യാർത്ഥികൾ സമ്മർദ്ദത്തിലായി. കോവിഡ് മഹാമാരി ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സുരക്ഷയെ സാരമായി ബാധിച്ചു. രക്ഷകർത്താക്കളിൽ 78.53% പേർക്കും കോവിഡ് മഹാമാരിയുടെ കാലത്ത് വരുമാനം കുറഞ്ഞു. 50 ശതമാനത്തിലധികം പേർക്കും വരുമാനം പകുതിയോ അതിൽ താഴെയോ ആയി കുറഞ്ഞു. ജോലി നഷ്ടമായവരുടെ എണ്ണം 36 ശതമാനമാണ്.

84% പേരും ഗാർഹികാവശ്യക്കായുള്ള ചെലവുകൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതരായി മഹാമാരിയുടെ സാമ്പത്തികാഘാതം താരതമ്യേന കൂടുതൽ ബാധിച്ചിട്ടുള്ളത് പട്ടികജാതി, പട്ടികവിഭാഗത്തിൽപ്പെട്ട മാതാപിതാക്കളെയാണ്. മക്കളുടെ പരീക്ഷയെക്കുറിച്ചും ഉപരിപഠനത്തെക്കുറിച്ചുള്ള ആശങ്ക ഏറെയാണ് എന്നു പറഞ്ഞ മാതാപിതാക്കളുടെ എണ്ണം 43.8 ശതമാനമാണ്.

സെക്ഷൻ ഓഫീസർ